# അങ്ങാടിപത്രം

**നമ്മുടെ നാടിന്റെ വാർത്താജാലകം**

Volume: 3, Issue: 01

ജനുവരി 25 ബുധൻ 2023

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## സുവർണ്ണശോഭയിൽ എഫ്എച്ച്സി

**ഷഫ്ന ഷെറിൻ അയ്യൂബ്**

മലയോര മേഖലയായ അയ്യൻകുന്ന് പഞ്ചായത്തിൽ ആശുപത്രി സേവനം ഇല്ലാതെ ജനങ്ങൾ വലഞ്ഞിരുന്ന ഒരു കാലം. ചികിത്സക്കായി ഇവിടെ നിന്നും ബഹുദൂരം സഞ്ചരിക്കേണ്ടതായി വന്നിരുന്നു മാത്രമല്ല മതിയായ വാഹനങ്ങളും ലഭ്യമായിരുന്നില്ല. ആയിടയ്ക്കാണ് ഒരു ഏക്കർ സ്ഥലവും കെട്ടിടവും ദാനം ചെയ്യുന്നിടത്ത് ആശുപത്രി നിർമ്മിക്കും എന്ന് സർക്കാർ പ്രഖ്യാപിക്കുന്നത്. ഈ വാഗ്ദാനത്തോടനുബന്ധിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടും ആവശ്യവും മനസ്സിലാക്കി അങ്ങാടിക്കടവിലെ ആദ്യകാല കുടിയേറ്റക്കാരായ കുറ്റാരപള്ളി മത്തായിയും സഹോദരൻ ജോസഫും കൂടി ഒരു ഏക്കർ സ്ഥലം സംഭാവന ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് അന്നത്തെ വികാരിയച്ചൻ ഫ്രാൻസിസ് വാളായിൽ ആയിരുന്നു. നാട്ടുകാരുടെ സജീവ പങ്കാളിത്തത്തോടു കൂടി സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നു. ജനങ്ങൾക്ക് വേണ്ടിയുള്ള ഒരു ആശുപത്രി!

പിന്നീട് ഗവൺമെന്റിന് കൈമാറിയ കെട്ടിടത്തിൽ 1972 നവംബർ ഒമ്പതിന് അന്നത്തെ ആരോഗ്യ മന്ത്രിയായ എൻ കെ ബാലകൃഷ്ണൻ ഗവൺമെന്റ് ഡിസ്പെൻസറി ഉദ്ഘാടനം ചെയ്തു. ഫ്രാൻസിസ് വാളായിൽ അച്ചന്റെ സ്നേഹത്തെയും ത്യാഗത്തെയും പരിഗണിച്ച് ഉദ്ഘാടകനായി വന്ന മന്ത്രി എൻ കെ ബാലകൃഷ്ണൻ വാളായിൽ അച്ഛന്റെ ചിത്രം ആശുപത്രിയിൽ അനാച്ഛാദനം ചെയ്തത് ഇന്നുമവിടെ കാണാൻ സാധിക്കും.

പ്രാഥമിക ഘട്ടത്തിൽ ചികിത്സക്കുള്ള 10 കിടക്കകൾ, പ്രസവം ശുശ്രൂഷ വരെയുള്ള ഒരു ആശുപത്രി എന്ന നിലയിൽ വളരെ നല്ല രീതിയിൽ പ്രവർത്തനം തുടങ്ങി.




പിന്നീട് ഗവൺമെന്റ് 'പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ' എന്ന ആശയം മുന്നോട്ട് വച്ചപ്പോൾ ഗവൺമെന്റ് ഡിസ്പെൻസറി പിഎച്ച്സി ആയി ഉയർത്തപ്പെട്ടു. പിഎച്ച്സി ആയതിനു ശേഷം കിടത്തി ചികിത്സ ഒപി ആയി ചുരുങ്ങി.

'അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ ഒമ്പത് വാർഡുകളിലായി 13862 ജനങ്ങൾ വസിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് എഫ്എച്ച്സികൾ (ഫാമിലി ഹെൽത്ത് സെന്റർ) ആണ് ഉള്ളത്. ഒന്ന് അങ്ങാടിക്കടവ്, മറ്റൊന്ന് കരിക്കോട്ടക്കരി. പഞ്ചായത്തിലെ മിക്ക മേഖലകളും മലയോര പ്രദേശങ്ങൾ ആയതിനാൽ ചികിത്സ ആവശ്യങ്ങൾക്കായി ഇരിട്ടിയിൽ പോവുക എന്നുള്ളത് വളരെ ബുദ്ധിമുട്ടും പ്രായോഗികവുമല്ല. അതിനാൽ തന്നെ ജനങ്ങളുടെ ഏക ആശ്രയമാണ് ഈ എഫ്എച്ച്സികൾ. അങ്ങാടിക്കടവുള്ള മെയിൻ സെന്റർ കൂടാതെ ഈന്തുംകരി, വാണിയപ്പാറ, കച്ചേരിക്കടവ്, ചരൾ എന്നീ നാല് സബ് സെന്ററുകളും എഫ്എച്ച്സിക്കുണ്ട്' എന്ന് മെഡിക്കൽ ഓഫീസർ അനു മേരി ജോസ് പറഞ്ഞു.

പ്രതിദിനം 150 മുതൽ 250 ഓളം രോഗികൾ എഫ്എച്ച്സിയിൽ എത്താറുണ്ട്. പഞ്ചായത്തിന്റെ സഹായത്തോടു കൂടി മൂന്നു വർഷമായി ഉച്ച കഴി ഞ്ഞുള്ള ഒപിയും നടത്തുന്നു. ഇത് കൂടാതെ സ്പെഷ്യൽ ക്ലിനിക്കുകളും ഉണ്ട്. തിങ്കളാഴ്ചകളിൽ ഗർഭിണികൾക്ക് ആയുള്ള ആന്റി നറ്റൽ ക്ലിനിക്, വാക്സിനേഷൻ, കാൽസ്യം അയൺ സപ്ലിമെന്റേഷൻ, ചെക്കപ്പ് എന്നിവ നടത്തി വരുന്നു. ചൊവ്വാഴ്ചകളിലെ എൻസിഡി ക്ലിനിക്കിൽ പകർച്ചവ്യാധി അല്ലാത്ത രോഗങ്ങൾ, ഡയബറ്റിക് പേഷ്യൻസ് മുതലായവർക്കുള്ള ചികിത്സയാണ് നൽകുന്നത്. ബുധനാഴ്ചകളിൽ ഇമ്മ്യൂണൈസേഷൻ ക്ലിനിക്കിൽ പ്രദേശത്തെ നവജാത ശിശു മുതൽ 16 വയസ്സ് വരെയുള്ള കുട്ടികൾക്കായി വാക്സിനേഷനും കൂടാതെ എല്ലാ മാസവും സബ് സെന്ററുകളിൽ കുത്തിവെപ്പും നടത്തുന്നു. ഒപി കൂടാതെ എഫ്എച്ച്സിയിൽ ലാബ് സൗകര്യങ്ങളും 2018 മുതൽ ലഭ്യമാണ്. പ്രാഥമിക ടെസ്റ്റുകളും മറ്റു അത്യാവശ്യ ടെസ്റ്റുകളും ചെയ്യാനുള്ള സൗകര്യം പ്രസ്തുത ലാബിൽ ഉണ്ട്. എഫ്എച്ച്സിയിൽ ഉള്ള ലാബ് ക്ഷയ രോഗികൾക്ക് സൗജന്യ കഫ പരിശോധന നടത്തുന്ന ഡിഎംസി യൂണിറ്റ് ആയി കൂടി കണക്കാക്കപ്പെടുന്നു.

2018 മുതൽ തിങ്കൾ ചൊവ്വ ബുധൻ എന്നീ ദിവസങ്ങളിൽ ഫിസിയോതെറാപ്പി യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. എഫ്എച്ച്സിയിൽ പാലിയേറ്റീവ് യൂണിറ്റും ലഭ്യമാണ്. കിടപ്പ് രോഗികൾക്ക് വേണ്ടിയുള്ള ഗ്രഹ പരിചരണം, മരുന്നു വിതരണം, ആവശ്യമായ ഡ്രസ്സിംഗ്, റുട്ടീൻ ചെക്കപ്പ് മുതലായവ നൽകപ്പെടുന്നു.

വൈകുന്നേരങ്ങളിലെ ഒപി, ലാബ്, ഫിസിയോതെറാപ്പി പാലിയേറ്റീവ് യൂണിറ്റുകൾ എന്നിവ ഗവൺമെന്റിന്റെ എൽഎച്ച്ഇഡി പ്രൊജക്റ്റ് ഫണ്ടിലൂടെയാണ് നടത്തപ്പെടുന്നത്

'കോവിഡ് മഹാമാരിക്ക് ശേഷം പ്രതിദിന ഒപിയിൽ വൻവർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. എഫ്എച്ച്സിയുടെ പ്രസ്തുത കെട്ടിടം ഇതിന് പര്യാപ്തമല്ല. രോഗികൾക്കുള്ള വെയിറ്റിംഗ് ഏരിയ, വാഹനം പാർക്ക് ചെയ്യാനുള്ള ഏരിയ എന്നിവ ഇവിടെയില്ല. പക്ഷേ ഗവൺമെന്റിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി 1.43 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. പിഎച്ച്സി എഫ്എച്ച്സി ആയി ഉയർത്തപ്പെടുകയും ചെയ്തു. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ മാറ്റങ്ങൾ വരുത്താൻ സാധ്യമല്ല. അതിനാൽ നിലവിലുള്ള എഫ്എച്ച്സിയുടെ പുറകിലായാണ് പുതിയ കെട്ടിടം വരുന്നത്' എന്ന് മെഡിക്കൽ ഓഫീസർ അനു മേരി ജോസ് പറഞ്ഞു.

## അനിശ്ചിതകാല സമരം പിൻവലിച്ചു

**വി അനന്യ**

അങ്ങാടിക്കടവ്: കണ്ണൂർ ജില്ലയിലെ ബി ഗ്രേഡ് പെട്രോൾ ഡീസൽ പമ്പ് ജീവനക്കാരുടെ അനിശ്ചിതകാല സമരം പിൻവലിച്ചു. ജനുവരി 23 ന് കണ്ണൂർ ജില്ലാ കളക്ടറുമായി നടത്തിയ ചർച്ചയുടെ പശ്ചാത്തലത്തിലാണ് സമരം പിൻവലിച്ചത്. ജനുവരി ഇരുപത്തിനാലു മുതൽ സംയുക്ത ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ നടത്താനിരുന്ന സമരമാണ് മാറ്റിവച്ചത്.

എല്ലാ തൊഴിലാളികൾക്കും 21,000 രൂപ മിനിമം മാസശമ്പളം അനുവദിക്കുക, മുഴുവൻ തൊഴിലാളികൾക്കും ഇ എസ് ഐ, പി എഫ് ബാധകമാക്കി കർശനമായി നടപ്പിലാക്കുക, ക്ഷേമനിധിയിൽ തൊഴിലാളികളെ ചേർത്ത് ഐ ഡി കാർഡും പാസ്സ് ബുക്കും ഉടമകൾ വാങ്ങി നൽകുക തുടങ്ങി നിയമപ്രകാരം ലഭിക്കേണ്ട പൊതുഅവധി, ഉത്സവ അവധി എന്നിവ അനുവദിക്കുക, സ്ഥാപനത്തിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ചെരുപ്പുകൾ, യൂണിഫോം വാഷിംഗ് അലവൻസ് അനുവദിക്കുക എന്നീ ആവശ്യങ്ങൾ മുൻനിർത്തിയാണ് തൊഴിലാളികൾ സമരത്തിനൊരുങ്ങിയത്. ഫെബ്രുവരി 7നു കളക്ടറുമായുള്ള കൂടിക്കാഴ്ചയിൽ പ്രശ്നപരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷയിലാണ് തൊഴിലാളികൾ.

**അങ്ങാടിപത്രത്തിന്റെ വായനക്കാർക്ക്, റിപ്പബ്ലിക് ദിനാശംസകൾ**

## സ്നേഹവീട്: താക്കോൽദാനം നടത്തി

**കെ അനഘ**

അങ്ങാടിക്കടവ്: ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് എൻഎസ്എസ് യൂണിറ്റ് നിർധന കുടുംബത്തിനു വീട് നിർമ്മിച്ചു നൽകി. സ്നേഹവീട് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചു നൽകുന്ന അഞ്ചാമത്തെ വീടാണിത്. എൻഎസ്എസ് സംസ്ഥാന ഓഫീസർ ഡോ. ആർ എൻ അൻസാർ വീടിന്റെ താക്കോൽദാനം നിർവഹിച്ചു. ഇതിനോട് അനുബന്ധിച്ച് നടത്തിയ മെറിറ്റ് ഡേ കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ ജോബി ജോസ് ഉദ്ഘാടനം ചെയ്തു.

ഇരിട്ടി കല്ലുമുട്ടിയിൽ അ മ്മയും മകനും അടങ്ങു നിർധന കുടുംബത്തിനാണ് വീടുവച്ച് നൽകിയത്. എട്ട് ലക്ഷം രൂപ ചിലവിൽ 750 ചതുരശ്ര അടിയിൽ മൂന്ന് കിടപ്പുമുറികൾ, ഹാൾ, അടുക്കള, വർക്ക് ഏരിയ, സിറ്റ് ഔട്ട് എന്നിവയുള്ള



*നിർമ്മിച്ചു നൽകിയ സ്നേഹവീട്*




*സ്നേഹവീടിന്റെ താക്കോൽ എൻ. എസ് എസ് സംസ്ഥാന ഓഫീസർ ഡോ. ആർ എൻ അൻസാർ കൈമാറുന്നു*

വീടാണ് നിർമിച്ചത്. പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ധനസമാഹരണ ചലഞ്ചുകൾ നടത്തിയും കൂപ്പൺ പിരിവ് നടത്തിയുമാണ് ഫണ്ട് സമാഹരിച്ചത്. 'എൻഎസ്എസിന്റെ പ്രധാന ലക്ഷ്യം വിദ്യാർത്ഥികളിൽ സാമൂഹ്യബോധം വളർത്തുക എന്നതാണ്. ഇത്തരം പദ്ധതികളിലൂടെ നിർധനരായ കുടുംബങ്ങൾക്ക് വീട് വെച്ച് നൽകുക എന്നതിനൊപ്പം വിദ്യാർത്ഥികൾ തിരിച്ചറിയുന്ന ജീവിതപാഠം വളരെ വലുതാണ് ' എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഇ ജിഷ പറഞ്ഞു.

കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ ടി പി അഷ്റഫ്, സർവകലാശാല സ്റ്റുഡൻസ് സർവീസ് ഡയറക്ടർ ഡോ ടി പി നഫീസ എന്നിവരും മുഖ്യാതിഥികളായി. കോളേജ് മാനേജർ ഫാ ബാസ്റ്റിൻ നെല്ലിശ്ശേരി, കോളേജ് പ്രിൻസിപ്പൽ ഫാ ഫ്രാൻസിസ് കാരക്കാട്ട്, പിടിഎ വൈസ് പ്രസിഡന്റ് മാത്തുക്കുട്ടി പന്തംപ്ലാക്കൽ, പിടിഎ വൈസ് ചെയർപേഴ്സൻ ജീന മാത്യു, വൈസ് പ്രിൻസിപ്പൽ ഫാദർ ജയ്സൺ അന്തിക്കാട്ട് കോളേജ് യൂണിയൻ ചെയർമാൻ ആൽജോ ജോൺസൻ, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഇ ജിഷ എിവർ ചടങ്ങിൽ സംസാരിച്ചു.


**വാർത്തകൾക്കും പരസ്യത്തിനും വിളിക്കൂ...9496698531**

## എഡിറ്റോറിയൽ

# ദുരിതങ്ങൾക്കായ് കാക്കരുതേ...

'ഭൂതകാലത്തിൽ നിന്ന് പഠിക്കുക.
വർത്തമാനകാലത്ത് ജീവിക്കുക.
നാളേക്കായി പ്രതീക്ഷിക്കുക.
ആൽബർട്ട് ഐൻസ്റ്റീൻ

ഉപയോഗിക്കുന്തോറും പുതുമ കൂടുന്ന ഒരു പ്രയോഗം മലയാളത്തിലുണ്ട്. 'അനുഭവമാണ് യഥാർത്ഥ ഗുരു'. അനുഭവത്തിൽ നിന്നും പഠിക്കാത്തപ്പോഴാണ് ദുരിതങ്ങൾ തുടർക്കഥയാവുന്നത്. അനുഭവത്തിൽ നിന്ന് പഠിച്ച് ദീർഘവീക്ഷണത്തോടെ ഭാവിയെ നോക്കിക്കാണാൻ സാധിക്കുമ്പോൾ വരും തലമുറയ്ക്ക് കൊടുക്കാനുള്ളത് പകരം വയ്ക്കാനില്ലാത്ത ശേഷിപ്പുകളായിരിക്കും. പലപ്പോഴും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ ബോധ്യം നമ്മുടെ പരിസരങ്ങളിലും സാരമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

ഉറച്ച തീരുമാനത്തോടും വ്യക്തമായ ധാരണയോടും കൂടി കാര്യങ്ങൾ ആദ്യാവസാനം ശ്രദ്ധിച്ചാൽ വൻ ദുരന്തങ്ങൾ ഒഴിവാക്കാൻ സാധിക്കും. പ്രതിഷേധിക്കേണ്ടിടത്തു പ്രതിഷേധിക്കാനും പങ്കുവയ്ക്കേണ്ടിടത്ത് പങ്കുവയ്ക്കാനുള്ള ആർജവത്വം കാണിക്കുമ്പോൾ ആർക്കൊക്കെയോ സംഭവിക്കാനിരിക്കുന്ന ചില ദുരന്തങ്ങളെ ഒഴിവാക്കുകയാണ് നാം.

കർശനമായൊരു ഭക്ഷ്യസുരക്ഷാ പരിശോധന കുറച്ചു കാലത്തേക്കെങ്കിലും നിലവിൽ വരാൻ പഴകിയ ഭക്ഷണം ജീവൻ കവർന്ന ചില സംഭവങ്ങൾ വേണ്ടിവന്നു എന്നത് വേദനാജനകമാണ്. വൃത്തിഹീനമായ ഇടങ്ങളും ആരോഗ്യകരമല്ലാത്ത ഭക്ഷണരീതികളുമൊക്കെ ജീവനെടുക്കാൻ പോന്നതാണെന്ന് മനസ്സിലാക്കാൻ ചില ജീവിതങ്ങൾ നഷ്ടപ്പെടേണ്ടി വന്നു എന്നത് തികഞ്ഞ പരാജയമാണ്?

പണിതീരാത്ത റോഡിൽ മഴപെയ്താൽ ചെളി നിറയുമെന്നും അത് യാത്രാക്ലേശവും അപകടസാധ്യതയും വർദ്ധിപ്പിക്കുമെന്നും തിരിച്ചറിയാത്തവരല്ല സമൂഹം. എന്നാൽ സ്ഥാർത്ഥ ലാഭത്തിനുവേണ്ടി എടുക്കാൻ മടിക്കുന്ന തീരുമാനങ്ങളും വൈകിവരുന്ന വിവേകവും സമൂഹത്തെ കൊണ്ടെത്തിക്കുന്നത് തീരാനഷ്ടത്തിലേക്കാണ്.

സഹജീവികളുടെ ആവശ്യം മനസിലാക്കി അമ്പത് വർഷങ്ങൽക്കുമുമ്പേ ആശുപത്രിക്ക് ആവശ്യമായ സ്ഥലവും സഹായവും നൽകിയവരും തങ്ങളിൽ ബുദ്ധിമുട്ടനുഭവിക്കുന്നവരെ കണ്ടെത്തി കരുതലിന്റെ സ്നേഹവീടൊരുക്കുന്നവരും വ്യത്യസ്തരാകുന്നതിവിടെയാണ്. ഏറ്റെടുത്ത ഉത്തരവാദിത്വം വൃത്തിക്ക് ചെയ്യുന്നതിനൊപ്പം പൊതുകാര്യങ്ങളിലുള്ള സമയോചിതമായ ഇടപെടലും മറ്റുള്ളവർക്ക് നലകുന്ന പരിഗണനയും ദുരിതങ്ങളില്ലാത്ത നല്ലൊരു നാളെ കെട്ടിപ്പെടുത്താൻ നമ്മളെ സഹായിക്കും.

- എഡിറ്റർ

# റോഡ് പണി വൈകുന്നു; നാട്ടുകാർ ദുരിതത്തിൽ

**അഞ്ജന വിൻസന്റ്**



ആനപ്പന്തി: അയ്യൻകുന്ന് പഞ്ചായത്തിലെ കമ്പനിനിരത്ത് പന്ത്രാം വാർഡ് റോഡ് നവീകരണം വൈകുന്നത് നാട്ടുകാരെ ദുരിതത്തിലാഴ്ത്തുന്നു. മുണ്ടയാംപറമ്പ്, ആനപ്പന്തി, കമ്പനിനിരത്ത് എന്നീ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് അഞ്ച് വർഷത്തിലധികമായി തകർന്നു കിടക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടക്കുന്ന റോഡ് പണിയിൽ രണ്ട് മീറ്റർ വരെ വീതിയിൽ പഞ്ചായത്തിന് ടാർ ചെയ്യാനുള്ള അനുവാദമുണ്ട് എന്നാൽ വർക്ക് മെറ്റീരിയൽ മുപ്പത് ശതമാനം എന്നത് പത്ത് ശതമാനമാക്കി കുറച്ചതുകൊണ്ട് തൊഴിലുറപ്പ് മെറ്റീരിയൽ പത്ത് ശതമാനം മാത്രമേ ലഭ്യമാകൂ. ഇത് റോഡ് പണിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നു.

ദിവസേന നൂറുകണക്കിനാളുകൾ സഞ്ചരിക്കുന്ന എൺപത് വർഷത്തെ പഴക്കമുള്ള ഈ മലയോരപാതയുടെ ഏകദേശം നൂറ്റിനാൽപത്തഞ്ച് മീറ്റർ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. 'റോഡിന് ആറ് മീറ്റർ വരെ വീതിയുണ്ടെങ്കിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഫണ്ട് ലഭിക്കുമെങ്കിലും ജനങ്ങൾ സ്ഥലം വിട്ട് നൽകാത്തത് നിർമ്മാണത്തിന് തടസ്സമാകുന്നു. വാർഡ് മെമ്പർ സജി മച്ചിതാന്നിയിൽ പറഞ്ഞു.

റോഡിന്റെ പരിതാപകരാവസ്ഥ മൂലം സ്കൂൾ ബസ്സ് നിർത്തുന്നിടത്തേക്ക് കുട്ടികൾ വളരെ ദൂരം നടക്കേണ്ടിവരുന്നു. മഴക്കാലമായാൽ സഞ്ചാരയോഗ്യ മല്ലാത്ത വിധം ചളിയും കുഴിക ളും നിറഞ്ഞ് റോഡിന്റെ അവസ്ഥ കൂടുതൽ ശോചനീയമാകും. ഇതി ന് മുൻപ് ഒരു പരിഹാരം കാണണം എന്ന ആവശ്യം ഉന്നയിക്കുകയാണ് പ്രദേശവാസികൾ.

# വികസന സെമിനാർ നടത്തി

**കെ അനഘ**

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ 2023-24 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികസന സെമിനാർ നടത്തി. പഞ്ചായത്ത് കാര്യാലയത്തിൽ വച്ച് ജനുവരി 9ന് നടന്ന വാർഷിക പദ്ധതി രൂപീകരണ സെമിനാർ പേരാവൂർ നിയോജകമണ്ഡലം എംഎൽഎ അഡ്വ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സെമിനാറിൽ 2023-2024 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടത്തേണ്ട പദ്ധതികളുടെ കരട് റിപ്പോർട്ട് അവതരിപ്പിക്കുകയും ചർച്ചചെയ്യുകയും ചെയ്തു. വർക്കിംഗ് ഗ്രൂപ്പുകളിലും ആസൂത്രണ സമിതിയിലൂടെയും ഗ്രാമസഭകളിലൂടെയും ചർച്ച ചെയ്ത് തയ്യാറാക്കിയ വികസനരേഖ 2023-24 സാമ്പത്തിക വർഷം നടപ്പാക്കേണ്ട വിവിധങ്ങളായ പദ്ധതികളെ സംബന്ധിച്ചുള്ളതാണ്. ഈ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഈ വർഷത്തെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക. ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന പ്ലാൻ ഫണ്ടും പഞ്ചായത്തിന്റെ തനത് വരുമാനവും ഉപയോഗിച്ച് നിരവധിയായ ക്ഷേമ പ്രവർത്തനമാണ് പഞ്ചായത്ത് വിഭാവനം ചെയ്യുന്നത്.

യോഗത്തിൽ വൈസ് പ്രസിഡന്റ് ലിസി തോമസ്, വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മിനി വിശ്വനാഥൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ലിസി ജോസഫ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ മേരി റെജി, ജോളി കുന്നപ്പള്ളി, വി ശോഭ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ ബീന റോജസ്, ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു ബെന്നി, ആസൂത്രണ സമിതി ഉപാധ്യക്ഷൻ ബെന്നി ഫിലിപ്പ്, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് മെമ്പർ സിബി വാഴക്കാല, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇ വി വേണുഗോപാൽ, എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# ഗുളിക വിതരണം ചെയ്തു

**മൗങ് മൗങ് സെൻ**



നാഷണൽ ഡി വേർമിങ് ഡേയുടെ ഭാഗമായി അങ്ങാടിക്കടവ് യു പി സ്കൂളിൽ വിര ഗുളിക വിതരണം ചെയ്തു. വിര വിമുക്ത ദിന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉത്ഘാടനം ചെയ്തു. ഡി വേർമിങ് ഡേയുടെ പ്രസക്തിയെക്കുറിച്ച് അങ്ങാടിക്കടവ് എഫ് എച്ച് സിയിലെ മെഡിക്കൽ ഓഫീസർ ഡോ. അനു മേരി ജോസഫ് മുഖ്യപ്രഭാഷണം നടത്തി.

# സർവ്വീസ് മുടക്കം; വലഞ്ഞ് യാത്രക്കാർ

**നഹല നസീർ**

അങ്ങാടിക്കടവ് ഭാഗത്തേക്ക് ഞായറാഴ്ച ദിവസങ്ങളിൽ ബസ്സില്ലാത്തതിൽ ബുദ്ധിമുട്ടി യാത്രക്കാർ. മറ്റു ദിവസങ്ങളിൽ പൊതുവെ പത്തോളം ബസ്സുകൾ ഇരുപത്തഞ്ചോളം സർവീസ് നടത്തുന്ന റൂട്ടിൽ ഞായറാഴ്ചകളിൽ രണ്ട് ബസ്സുകൾ മാത്രമാണ് ചുരുങ്ങിയത് രണ്ട് സർവീസ് എങ്കിലും നടത്തുന്നത്.

വാണിയപ്പാറ അങ്ങാടിക്കടവ് ചരൾ എന്നീ ഭാഗങ്ങളിൽ നിന്ന് ഇരിട്ടിയിലേക്കോ മറ്റു പ്രധാന ടൗണുകളിലേക്കോ പോകുവാനും തിരിച്ചെത്തുവാനും വള്ളിത്തോട്, എടൂർ എന്നിവടങ്ങളിൽ നിന്ന് മാത്രമേ ഞായറാഴ്ചകളിൽ ബസ്സ് സൗകര്യം നിലവിലുള്ളൂ. ഇതിനാൽ യാത്രക്കാരായ ഹോസ്റ്റൽ വിദ്യാത്ഥികൾക്കും നാട്ടുകാർക്കും മറ്റ് യാത്രാ മാർഗങ്ങൾ ആശ്രയിക്കേണ്ടി വരുന്നത് സമയ സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത്.

പ്രൈവറ്റ് ബസ്സുകൾ സർവീസ് മുടക്കുന്നതും കെ.എസ്.ആർ.ടി.സി. ബസുകൾക്ക് പ്രധാന സമയങ്ങളിൽ ഈ ഭാഗത്തേക്ക് സർവീസ് ഇല്ലാത്തതുമാണ് യാത്രക്കാർ നേരിടുന്ന പ്രധാന പ്രശ്നം. ഇതിനൊരു പ്രധിവിധി ജനങ്ങൾ ആവശ്യപ്പെടുന്നു

'ഞായറാഴ്ചകളിൽ ഒരു ബസ് മാത്രമാണ് കുറഞ്ഞത് മൂന്ന് സർവീസ് നടത്തുന്നത്. പലപ്പോഴും മറ്റു ബസുകൾ നടത്താറേയില്ല. ഇത് യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.' പ്രദേശവാസിയും ഓട്ടോ ഡ്രൈവറുമായ നാരായണൻ പറഞ്ഞു.

'യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും വർദ്ധിച്ചു കൊണ്ടിരിക്കു ഇന്ധന വിലയും ഒത്തിരി നഷ്ടം ഉണ്ടാക്കുന്നുണ്ട്. പല ഭാഗത്തേക്കുള്ള റോഡ് പണി പൂർത്തിയാവാത്തതും വലിയ ബുദ്ധിമുട്ടാണ്. റോഡ് പണി പൂർത്തിയായ ശേഷം ഞായറാഴ്ചകളിൽ സർവീസ് നടത്താനുള്ള തീരുമാനത്തിലാണ് ഇപ്പോൾ' ഷൈൻ സ്റ്റാർ ബസ് ഡ്രൈവർ പ്രശാന്ത് പറഞ്ഞു.




For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ:. അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: വി അനന്യ | സബ് എഡിറ്റേഴ്സ്: ഷഫ്ന ഷെറിൻ അയ്യൂബ്, കെ അനഘ, നഹല നസീർ, അഞ്ജന വിൻസന്റ്, മൗങ് മൗങ് സെൻ | ഫോട്ടോഗ്രാഫേഴ്സ്: അഞ്ജന വിൻസന്റ്, അക്ഷയ് തിലകൻ | ഡിസൈൻ: ഷഫ്ന ഷെറിൻ അയ്യൂബ്